സെക്രട്ടറിയുടെ (കിഴക്ക് ) പാലസ്തീന് സന്ദര്ശനം

ശ്രീ അനില് വാധ്വ, ഇന്ത്യാ ഗവണ്മെന്റിന്റെ, കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി ( കിഴക്ക് ) ജൂലൈ 8-9, 2015 തീയതികളില് പാലസ്തീന് സന്ദര്ശിക്കുന്നു .

ഇന്ന് വൈകുന്നേരം ബഹുമാനപ്പെട്ട ശ്രീ വാധ്വ ആദരണീയനായ പലസ്തീന് പ്രസിഡണ്ട്, ശ്രീ മഹ്മൌദ് അബ്ബാസുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയുടെ ഭാഗമായി പടിഞ്ഞാറന് ഏഷ്യയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങള്, ഉഭയകക്ഷി ബന്ധങ്ങള് , തടസ്സപ്പെട്ട മിഡില് ഈസ്റ്റ് സമാധാന പ്രക്രിയകള് എന്നിവയെ കുറിച്ച് ചര്ച്ച ചെയ്തു . ആദരണീയനായ ശ്രീ വാധ്വ പാലസ്തീനിലെ വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി.

ശ്രീ വാധ്വ , പാലസ്തീന് പ്രധാനമന്ത്രിയെ ആദരണീയനായ ഡോ. റാമി ഹംദല്ലയുമായി നാളെ കൂടിക്കാഴ്ച നടത്തും. അസേര അല്- ഷമാല്യെഹിലെ ജവഹര്ലാല് നെഹ്റു സെക്കണ്ടറി സ്കൂള് ഫോര് ഗേള്സ് ശ്രീ വാധ്വ ഉദ്ഘാടനം ചെയ്യും. പാലസ്തീന് ഇന്ത്യയിലെ ജനങ്ങളുടെയും ഗവന്മെന്റിന്റെയും ഒരു ഉപഹാരമാണീ സ്കൂള് . പാലസ്തീനിലെ ഇന്ത്യയുടെ പദ്ധതികളില് ഒന്നാണ് സ്കൂള് . പാലസ്തീനില് ഇന്ത്യ നടത്തുന്ന കാര്യശേഷി നിര്മ്മാണ സംരഭങ്ങളിലെ ഒരു ഭാഗം .

അബു ഡീസില് ജവഹര്ലാല് സെക്കണ്ടറി സ്കൂള് ഫോര് ബോയ്സ് , ഐസിറ്റിയില് ഇന്ത്യാ-പാലസ്തീന് സെന്റര് ഫോര് എക്സലന്സ് , അല് ഖുഡ്സ് സര്വകലാശാലയില് ( റമളായില് ഉപഗ്രഹ കേന്ദ്രത്തോടെ ) ഡിജിറ്റല് ലേണിംഗ് ആന്ഡ് ഇന്നൊവേഷന് സെന്റര് സ്ഥാപിക്കല് , സാങ്കേതിക & തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലനം (ടിവിഇടി), പാലസ്തീനില് ഏഴു തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളിലേക്ക് ഉപകരണങ്ങളും പരിശീലന സേവനങ്ങളും
പാലസ്തീനില് ഇന്ത്യ തുടര്ന്നു വരുന്ന മറ്റ് പദ്ധതികളില് ഉള്പ്പെടുന്നു

ജൂലൈ 08, 2015